## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4574 — 28/06/2013-ൽ മറുപടിക്ക്

### ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിന്റെ നടപടിക്രമം

ചോദ്യം

ശ്രീ.പി.തിലോത്തമൻ

മറുപടി

ശ്രീ .കെ .സി ജോസഫ്
( ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| (എ) | സാംസ്കാരിക വകുപ്പ് പ്രസിദ്ധീകരണയോഗ്യമെന്ന് കണ്ടെത്തുന്ന ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിന്റെ നടപടിക്രമങ്ങൾ വിശദമാക്കമോ; ഇപ്രകാരം പ്രസിദ്ധീകരണയോഗ്യത നേടുന്ന ഗ്രന്ഥങ്ങൾ ഏത് മുൻഗണനാക്രമം പാലിച്ചാണ് പ്രസിദ്ധീകരിക്കുന്നതെന്ന് പറയാമോ; | (എ) | കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ അക്കാദമിക വിഭാഗം ഓഫീസർമാരുൾക്കൊള്ളുന്ന പബ്ലിക്കേഷൻ കമ്മിറ്റി പരിശോധിച്ച ശേഷമാണ് പ്രസിദ്ധീകരണ യോഗ്യമായ പുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നത്. ഇതിൽ വിൽപ്പന സാധ്യതയുള്ളതും, പാഠപുസ്തകങ്ങളും പ്രസിദ്ധീകരിക്കുന്നതിന് മുൻഗണന നൽകും. |
| (ബി) | സാംസ്കാരിക വകുപ്പ് പ്രസിദ്ധീകരണയോഗ്യമെന്ന് കണ്ടെത്തിയ മുൻഗണനാക്രമത്തിലുള്ള ലിസ്റ്റ് തെരഞ്ഞെടുത്ത തീയതിയടക്കം ലഭ്യമാക്കുമോ; | (ബി) | സാംസ്കാരിക വകുപ്പ് പ്രസിദ്ധീകരണയോഗ്യമെന്ന് കണ്ടെത്തിയതും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനെ ഏൽപ്പിച്ചിട്ടുള്ളതുമായ പുസ്തകങ്ങളുടെ ലിസ്റ്റ് അനുബന്ധം ആയി ചേർക്കുന്നു. |
| (സി) | ഇത്തരം ഗ്രന്ഥങ്ങൾ മുൻഗണന തെറ്റിച്ച് പ്രസിദ്ധീകരിക്കുകയോ ചില ഗ്രന്ഥങ്ങൾ ചില പ്രത്യേക താൽപര്യങ്ങളുടെ പേരിൽ പ്രസിദ്ധീകരിക്കാതിരിക്കുകയോ ചെയ്തിട്ടുണ്ടോ; ഇത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (സി) | ഇല്ല. |
| (ഡി) | ശാസ്ത്രീയ സംഗീതത്തെ ഇംഗ്ലീഷ് നൊട്ടേഷനിലേയ്ക്ക് മാറ്റിക്കൊണ്ട് ചേർത്തല സ്വദേശിയായ ശ്രീ.ഗോപിനാഥൻ തയ്യാറാക്കിയതും സാംസ്കാരിക വകുപ്പ് പ്രസിദ്ധീകരിക്കുവാൻ തെരഞ്ഞെടുത്ത് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് കൈമാറിയതുമായ ഗ്രന്ഥം വർഷങ്ങൾ കഴിഞ്ഞിട്ടും പ്രസിദ്ധീകരിച്ചിട്ടില്ലെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

5

അനുബന്ധം 3(എ)

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നേരിട്ട് അച്ചടിച്ച് വില്പന നടത്തേണ്ട വിവിധ ഘട്ടങ്ങളിലുള്ള പുസ്തകങ്ങൾ**

| ക്രമ നംപർ | ഗ്രന്ഥവും ഗ്രന്ഥകർത്താവും | തീരുമാനിച്ച തീയതിയും കൈക്കൊണ്ട നടപടിയും | ഇപ്പോഴത്തെ സ്ഥിതി |
|---|---|---|---|
| 1. | മുത്തുസ്വാമി ദീക്ഷിതർ കൃതികൾ പ്രൊഫ.പി.ആർ.കുമാര കേരളവർമ്മ (സമാഹരണവും സ്വരപ്പെടുത്തലും) | പ്രസ്തുത കൃതികളുടെ സമാഹരണവും സ്വരപ്പെടുത്തലും പ്രൂഫ് റീഡിംഗും നിർവഹിക്കുന്നതിന് അച്ചടിപ്പുറമൊന്നിന് 60/- രൂപയിൽ കുറയാത്ത തുക ഗ്രന്ഥകർത്താവിന് പ്രതിഫലമായി അനുവദിക്കാവുന്നതാണെന്നും ആയതിന് സർക്കാർ അനുമതി തേടാവുന്നതാണെന്നും 23.11.2004 ൽ ചേർന്ന ഉപദേശകസമിതി യോഗം തീരുമാനിച്ചു. അപ്രകാരം പേജൊന്നിന് 60/-രൂപ നിരക്കിൽ പ്രതിഫലം അനുവദിച്ചുകൊണ്ട് 11.4.2005 ലെ 222/ 05/ സിഎഡി നംപർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ പ്രതിഫലം സ്വീകരിക്കുന്നതിനും ഗ്രന്ഥത്തിന്റെ 1000 പ്രതികൾ അച്ചടിച്ചു പ്രസിദ്ധീകരിച്ചു വില്പന നടത്തുന്നതിനും പ്രൊഫ. പി.ആർ.കുമാരകേരള വർമ്മ 3.6.2005 ൽ വകുപ്പിൽ സമ്മതപത്രം നൽകിയിട്ടുണ്ട്. ഗ്രന്ഥത്തിന്റെ കവർ ഡിസൈൻ ചെയ്യുന്നതിന് ആർട്ടിസ്റ്റ് ശ്രീ.ഗോഡ്ഫ്രെ ദാസിന് 14.6.2005ൽ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. | ഗ്രന്ഥത്തിന്റെ അച്ചടി യോഗ്യമായ മാറ്റർ വകുപ്പിൽ സമർപ്പിച്ചിട്ടുണ്ട്. അച്ചടിക്കു നൽകിയിട്ടില്ല ഗ്രന്ഥകർത്താവിനുള്ള പ്രതിഫലം, ഗ്രന്ഥത്തിന്റെ അച്ചടിയോഗ്യമായ മാറ്റർ സമർപ്പിച്ചതിനുള്ള പ്രതിഫലം കവർ ഡിസൈനിംഗ് നടത്തിയതിനുള്ള പ്രതിഫലം എന്നിവ നൽകേണ്ടതുണ്ട്. |
| 2. | ദേശകലച്ചെണ്ടമേളം (രണ്ടാം പതിപ്പ്) | 18.8.2004 ൽ ചേർന്ന ഉപദേശകസമിതി യോഗം ഗ്രന്ഥം പ്രസിദ്ധീകരിക്കാവുന്നതാണെന്ന് തീരുമാനിച്ചു. ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിന് ഗ്രന്ഥകർത്താവിന്റെ മകനും അനന്തരാവകാശിയുമായ ശ്രീ. ഇ.രാമചന്ദ്രൻ സമ്മതപത്രം നൽകിയിട്ടുണ്ട്. ഗ്രന്ഥം ഡിടിപി ക്കായി മംഗലത്ത് പ്രിന്റേഴ്സ് ആന്റ് ഗ്രാഫിക്സിനെയും പ്രൂഫ് റീഡിംഗിനായി ശ്രീമതി. റിനി മോളെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. | ഗ്രന്ഥം ഇപ്പോൾ രണ്ടാം പ്രൂഫ് ഘട്ടത്തിലാണ്. ഗ്രന്ഥകർത്താവ് കവർ ഡിസൈനിംഗ് ഡിടിപി പ്രൂഫ്റീഡിംഗ് എന്നിങ്ങനെയുള്ള കാര്യങ്ങളിൽ പ്രതി- ഫലം അനുവദിക്കേണ്ടതുണ്ട്. |
| 3. | പതിനാലുവൃത്തം ഫാവും പാനവും (സത്യജിത്ത് ആർ) | 28.1.05ൽ ചേർന്ന ഉപദേശകസമിതി യോഗം ഗ്രന്ഥം പ്രസിദ്ധീകരിക്കാവുന്നതാണെന്ന് തീരുമാനിച്ചു. അപ്രകാരം കരാർ 2.6.05 ൽ വകുപ്പുമായി ഉടമ്പടി ഒപ്പുവച്ചു. ഗ്രന്ഥത്തിന്റെ അച്ചടി യോഗ്യമായ മാറ്റർ വകുപ്പിൽ സമർപ്പിക്കുന്നതിന് കൈയെഴുത്തു പ്രതി ഗ്രന്ഥകർത്താവിന് നൽകിയിട്ടുണ്ട്. | ഗ്രന്ഥത്തിന്റെ മൂന്നാം പ്രൂഫ് വകുപ്പിൽ സമർപ്പിച്ചിട്ടുണ്ട്. ഗ്രന്ഥകർത്താവ് സൂക്ഷ്മ പരിശോധകർ എന്നിവർക്കും അച്ചടിയോഗ്യമായ മാറ്റർ വകുപ്പിൽ സമർപ്പിക്കുന്ന പക്ഷം ആയതിനും പ്രതിഫലം അനുവദിക്കേണ്ടതുണ്ട്. |

| | | | |
|---|---|---|---|
| 4. | Outlines of Proto Historic Chronology of Western Asia (Kesari A Balakrishna Pillai) | 25.8.05ൽ ചേർന്ന ഉപദേശകസമിതി യോഗം ഗ്രന്ഥം പ്രസിദ്ധീകരിക്കാവുന്നതാണെന്ന് തീരുമാനിച്ചു. | |
| 5. | രാജാകേശവദാസ് - രണ്ടാം പതിപ്പ് (വി.ആർ.പരമേശ്വരൻ പിള്ള) | 18.8.04ൽ ചേർന്ന ഉപദേശകസമിതി യോഗം ഗ്രന്ഥം പ്രസിദ്ധീകരിക്കാവുന്നതാണെന്ന് തീരുമാനിച്ചു. ഗ്രന്ഥകർത്താവിന്റെ അനന്തരാവകാശിയിൽ നിന്നും പ്രസിദ്ധീകരണം സംബന്ധിച്ച സമ്മതപത്രം ലഭിച്ചിട്ടില്ല. | |
| 6. | ദക്ഷിണേന്ത്യൻസംഗീതം - മൂന്നാം ഭാഗം (എ.കെ.രവീന്ദ്രനാഥ്) | 25.8.05ൽ ചേർന്ന ഉപദേശകസമിതി യോഗതീരുമാനപ്രകാരം ഗ്രന്ഥത്തിന്റെ കൈയെഴുത്തു പ്രതി സൂക്ഷ്മപരിശോധന നടത്തുന്നതിന് പ്രൊഫ.പി.ആർ.കുമാരകേരളവർമ്മയ്ക്ക് നൽകിയിട്ടുണ്ട്. | |
| 7. | കേരളം ചരിത്രവഴിയിൽ (സംപാ.ഡോ.കുര്യാസ് കുമ്പളക്കുഴി) | 25.8.05ൽ ചേർന്ന ഉപദേശകസമിതി യോഗം ഗ്രന്ഥത്തിൽ ചേർക്കുന്നതിനുള്ള 40 ലേഖനങ്ങൾ തെരഞ്ഞെടുത്തു. പ്രസ്തുത ലേഖനങ്ങൾ ഡിടിപിക്കു നൽകിയിട്ടുണ്ട്. | |
| 8. | ഉദ്യാനസസ്യങ്ങൾക്ക് ഒരു ആലകം (പ്രൊഫ.ആർ.സനാതന പിള്ള) | 25.8.05ൽ ചേർന്ന ഉപദേശകസമിതി യോഗതീരുമാനപ്രകാരം ഗ്രന്ഥത്തിന്റെ കൈയെഴുത്തു പ്രതി സൂക്ഷ്മപരിശോധന നടത്തുന്നതിന് ഡോ.ഇ.സർദാർകുട്ടി കൈപ്പറ്റിയിട്ടുണ്ട്. | |
| 9. | കേളപ്പൻ (പ്രൊ.പി.മർമ്മദൻ) | 25.8.05 ലെ ഉപദേശകസമിതി യോഗതീരുമാനപ്രകാരം ഗ്രന്ഥം സൂക്ഷ്മപരിശോധന നടത്തുന്നതിന് ശ്രീ.അജിത് വെണ്ണിയൂർ കൈപ്പറ്റിയിട്ടുണ്ട്. | |
| 10. | കർണാടകസംഗീതം നൊട്ടേഷനിൽ പരിവർത്തനം ചെയ്തത് (പി.ഗോപിനാഥൻ) | 25.8.05ൽ ചേർന്ന ഉപദേശകസമിതി യോഗം ഗ്രന്ഥം പ്രസിദ്ധീകരിക്കാവുന്നതാണെന്നു തീരുമാനിച്ചു. | |
| 11. | 20 ലേഖനങ്ങൾ/പഠനങ്ങൾ (ഉ.വാസു) | 25.8.05 ലെ ഉപദേശകസമിതി യോഗ തീരുമാനപ്രകാരം ഗ്രന്ഥത്തിന്റെ മാറ്റർ സൂക്ഷ്മപരിശോധന നടത്തുന്നതിന് ശ്രീ.എൽ.വി.ഹരികുമാർ കൈപ്പറ്റിയിട്ടുണ്ട്. | |

| | | | |
|---|---|---|---|
| 12. | മലയാള സിനിമയുടെ ചരിത്രം (മധു ഇറവങ്കര) | 25.8.05ൽ ചേർന്ന ഉപദേശകസമിതി യോഗതീരുമാനപ്രകാരം ഗ്രന്ഥത്തിന്റെ കൈയെഴുത്തു പ്രതി സൂക്ഷ്മപരിശോധന നടത്തുന്നതിന് ശ്രീ.മാവേലിക്കര രാമചന്ദ്രൻ കൈപ്പറ്റിയിട്ടുണ്ട്. | |
| 13. | മൊയ്തുമൗലവിയുടെ ജീവചരിത്രം (പി.മുഹമ്മാലി, ബുക്ക്മാർക്ക്, മാവൂർ റോഡ്,കോഴിക്കോട് ) | ഉടമ്പടി ഒപ്പുവച്ച തീയതി 31.12.20032003 - ഡിസംബർ അവസാനത്തോടെ നൽകാനാവുമെന്ന് 13.11.03 ലെ കത്തിലൂടെ അറിയിച്ചിരുന്നുവെങ്കിലും നാളിതുവരെയായിട്ടും കൈയെഴുത്തു പ്രതി വകുപ്പിൽ സമർപ്പിച്ചിട്ടില്ല | |
| 14. | മലയാളപത്രപ്രവർത്തന ചരിത്രം ജി.കെ.സുരേഷ് ബാബു, ചീഫ് സബ് എഡിറ്റർ, മാതൃഭൂമി, കൊല്ലം | ഉടമ്പടി ഒപ്പുവച്ച തീയതി 24.5.2004 കൈയെഴുത്തുപ്രതിവകുപ്പിൽ സമർപ്പിച്ചിട്ടില്ല | |

Sheela H
Section officer

DIRECTOR
STATE INSTITUTE OF LANGUAGES
THIRUVANANTHAPURAM